## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3843** 15.05.2017 ൽ മറുപടിയ്ക്ക്

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

**ചോദ്യം**
**ശ്രീ.ആർ. രാജേഷ്**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ചു കൊടുക്കുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, സ്വന്തമായി ഭൂമി ഇല്ലാത്തതും, വാർഷിക കുടുംബ വരുമാനം 75,000/- രൂപയിൽ താഴെ ആയിട്ടുള്ളതും, സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയിട്ടുള്ളതുമായ കുടുംബങ്ങളെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി കണ്ടെത്തിയിട്ടുള്ളത്. 2,91,757 അപേക്ഷകളിൽ നിന്നും വ്യക്തമായ അന്വേഷണത്തിലൂടെ 2,43,928/ കുടുംബങ്ങളെ ഗുണഭോക്താക്കളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. മാരകരോഗം ബാധിച്ചവർ, വിധവകൾ, അംഗവൈകല്യം സംഭവിച്ചിട്ടുള്ളവർ, പട്ടികജാതി പട്ടികവർഗ്ഗക്കാർ തുടങ്ങിയ കൂടുതൽ ദുർബലരായവർക്ക് മുൻഗണന നൽകികൊണ്ട് വില്ലേജ്തല റാങ്ക് ലിസ്റ്റാണ് തയ്യാറാക്കിയിരുന്നത്. ഭൂമി പതിവ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നടപടികൾ എല്ലാം പാലിച്ചുകൊണ്ടാണ് ഗുണഭോക്താക്കൾക്ക് ഭൂമി പതിച്ചു നൽകുന്നത്. 14 ജില്ലകളിലുമായി 58,398 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രാദേശികമായ തർക്കങ്ങൾ മുഖേനയോ, കോടതി കേസുകൾ മുഖേനയോ അനുവദിച്ച ഭൂമി ബന്ധപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും കൈമാറാൻ കഴിഞ്ഞിട്ടില്ല. ആക്ഷേപങ്ങൾ പരിഹരിച്ച് ഭൂമി കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |

<table>
<tr>
<td>(ബി)</td>
<td>ഈ പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ലിസ്റ്റിന്റെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;</td>
<td>(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ലിസ്റ്റിന്റെ വിവരങ്ങൾ ജില്ല തിരിച്ച് താഴെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>ലഭ്യമായിരുന്ന അപേക്ഷകളുടെ എണ്ണം</th><th>തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം</th></tr>
<tr><td>തിരുവനന്തപുരം</td><td>47340</td><td>35798</td></tr>
<tr><td>കൊല്ലം</td><td>29850</td><td>28591</td></tr>
<tr><td>പത്തനംതിട്ട</td><td>7532</td><td>6807</td></tr>
<tr><td>ആലപ്പുഴ</td><td>17142</td><td>14163</td></tr>
<tr><td>കോട്ടയം</td><td>10742</td><td>10388</td></tr>
<tr><td>ഇടുക്കി</td><td>10496</td><td>7970</td></tr>
<tr><td>എറണാകുളം</td><td>43248</td><td>31379</td></tr>
<tr><td>തൃശ്ശൂർ</td><td>30836</td><td>26776</td></tr>
<tr><td>പാലക്കാട്</td><td>28524</td><td>23874</td></tr>
<tr><td>മലപ്പുറം</td><td>25998</td><td>23962</td></tr>
<tr><td>കോഴിക്കോട്</td><td>9070</td><td>8304</td></tr>
<tr><td>വയനാട്</td><td>6611</td><td>4546</td></tr>
<tr><td>കണ്ണൂർ</td><td>12184</td><td>11099</td></tr>
<tr><td>കാസർഗോഡ്</td><td>12184</td><td>10271</td></tr>
<tr><td>ആകെ</td><td>291757</td><td>243928</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>പദ്ധതിയുമായി ബന്ധപ്പെട്ടു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?</td>
<td>(സി) പദ്ധതി പ്രകാരം നൽകിയ ഭൂമിയെ സംബന്ധിച്ച്, വീട് വയ്ക്കാൻ അനുയോജ്യമല്ലായെന്നും, വഴി സൗകര്യമില്ലായെന്നും തരത്തിലുള്ള ആക്ഷേപങ്ങൾ ഉയർന്ന് വന്നിരുന്നു. കൂടാതെ പട്ടയം നൽകിയവർക്ക് മുഴുവനായും, ഭൂമി കൈമാറുന്നതിലും വീഴ്ച സംഭവിച്ചിരുന്നു. ആക്ഷേപങ്ങളിൽ വിശദമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണാനും, അനുയോജ്യമല്ലാത്ത ഭൂമി വിതരണം ചെയ്തിട്ടുള്ള കേസുകളിൽ അവ മാറ്റി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. ഇതിലേയ്ക്കാവശ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ